ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:01-07-2024

## പ്രധാനവാർത്തകൾ

1.) രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയം ചർച്ചക്കെടുത്ത് പാർലമെന്റ്; നീറ്റ് പരീക്ഷ, അഗ്നിവീർ പദ്ധതി തുടങ്ങിയ വിഷയങ്ങൾ സഭയിലുന്നയിച്ച് പ്രതിപക്ഷം.

2.) ഇരകൾക്ക് അതിവേഗം നീതി ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട്, രാജ്യത്ത് പുതിയ ക്രിമിനൽ നിയമങ്ങൾ പ്രാബല്യത്തിൽ; രാജ്യത്തെ, ആധുനിക നീതിന്യായ വ്യവസ്ഥയിലേക്ക് നയിക്കാൻ പുതിയ നിയമങ്ങൾ വഴിയൊരുക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

3.) പോലീസ് വകുപ്പിലെ അമിത ജോലി ഭാരം നിയമസഭയിൽ ഉന്നയിച്ച് പ്രതിപക്ഷം; 8 മണിക്കൂർ ജോലി എന്നത് പോലീസിൽ പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി.

4.) സംസ്ഥാനത്ത് ഭൂമി തരംമാറ്റൽ നടപടികളിൽ ഏജന്റുമാരുടെ ഇടപെടൽ അനുവദിക്കില്ലെന്ന് മന്ത്രി കെ.രാജൻ.

5.) ദക്ഷിണാഫ്രിക്കയ്ക്കെതിരായ വനിതാ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് പത്തു വിക്കറ്റ് ജയം.

6.) സംസ്ഥാനത്ത് മഴ ശക്തമാകുന്നു; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

RNU TVPM

## Headline 1

### പാർലമെന്റ്

രാഷ്ട്രപതി ദ്രൗപദി മുർമ്മുവിൻറെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾ ഇന്ന് പാർലമെന്റിന്റെ ഇരു സഭകളിലും ചർച്ചയ്ക്കെടുത്തു. ലോക്സഭയിൽ ചർച്ച തുടരുകയാണ്. നടപടികൾ പൂർത്തിയാക്കി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യത്തെ ജനങ്ങളുടെ ക്ഷേമത്തിനും സാമ്പത്തിക പുരോഗതിക്കുമായി കഴിഞ്ഞ 10 വർഷത്തിൽ സർക്കാർ സ്വീകരിച്ച നടപടികളെ ബിജെപി എംപി അനുരാഗ് സിങ് ഠാക്കൂർ ലോക്സഭയിൽ അഭിനന്ദിച്ചു. എന്നാൽ നീറ്റ് വിഷയം, അഗ്നിവീർ പദ്ധതി, മണിപ്പൂർ സംഘർഷം, നോട്ട് നിരോധനം, പണപ്പെരുപ്പം, കർഷക പ്രശ്നം തുടങ്ങിയ വിഷയങ്ങൾ പ്രതിപക്ഷം സഭയിൽ ഉന്നയിക്കുകയും സഭാ നടപടികൾ തടസ്സപ്പെടുകയും ചെയ്തു. രാജ്യസഭയിൽ പ്രതിപക്ഷത്തിന്റെ അടിയന്തിര പ്രമേയ നോട്ടീസിന് സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ അനുമതി നിഷേധിച്ചു. തുടർന്ന് സഭാ നടപടികൾ നിർത്തി വച്ചെങ്കിലും പിന്നീട് സഭ പുനരാരംഭിക്കുകയും നന്ദിപ്രമേയ ചർച്ച തുടരുകയും ചെയ്തു.

---

### ക്രിമിനൽ നിയമങ്ങൾ

സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഇരകൾക്ക് അതിവേഗം നീതി ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട്, രാജ്യത്ത് മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ പ്രാബല്യത്തിൽ വന്നു. ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവയാണ് നിലവിൽ വന്നത്. കുറ്റകൃത്യങ്ങൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യൽ, ഏതു പൊലീസ് സ്റ്റേഷനിൽ വേണമെങ്കിലും FIR സമർപ്പിക്കൽ, ഇരകൾക്ക് FIRന്റെ പകർപ്പ് സൗജന്യമായി ലഭ്യമാക്കൽ എന്നിവ പുതിയ ക്രിമിനൽ നിയമങ്ങളിലെ പ്രധാന വ്യവസ്ഥകളാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിന് പ്രത്യേക പരിഗണന

RNU TVPM

നൽകുന്നതാണ് പുതിയ നിയമം. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ കൂട്ടബലാത്സംഗം ചെയ്താൽ ജീവപര്യന്തമോ വധശിക്ഷയോ നൽകാൻ നിയമം വ്യവസ്ഥ ചെയ്യുന്നു.

-----------------------

**Headline 2**

**അമിത് ഷാ(ഇൻട്രോ)**

ഇന്ന് പ്രാബല്യത്തിൽ വന്ന മൂന്ന് ക്രിമിനൽ നിയമങ്ങൾ രാജ്യത്തെ, ആധുനിക നീതിന്യായ വ്യവസ്ഥയിലേക്ക് നയിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ് )

ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ പുതിയ വ്യവസ്ഥകൾ ഏർപ്പെടുത്തിയതായും രാജ്യദ്രോഹ നിയമം സർക്കാർ റദ്ദാക്കിയതായും കേന്ദ്ര ആഭ്യന്തരമന്ത്രി അറിയിച്ചു.

RNUTVPM

-----------------------

**കൊണ്ടോട്ടി**

പുതുതായി നിലവിൽ വന്ന ഭാരതീയ ന്യായസംഹിത പ്രകാരമുള്ള സംസ്ഥാനത്തെ ആദ്യത്തെ FIR മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തു. അശ്രദ്ധമായും മനുഷ്യജീവന് അപകടം വരുത്തുന്ന രീതിയിലും ഇരുചക്രവാഹനം ഓടിച്ചതിന് ഇന്ന് പുലർച്ചെ കൊണ്ടോട്ടി പോലീസ് സ്വമേധയയാണ് കേസ് രജിസ്റ്റർ ചെയ്തത്. ഭാരതീയ ന്യായസംഹിത 2023 ലെ വകുപ്പ് 281, മോട്ടോർ വെഹിക്കിൾ ആക്ട് 1988 ലെ വകുപ്പ് 194 ഡി എന്നിവ ചുമത്തിയിട്ടുണ്ട്. ഭാരതീയ നാഗരിക സുരക്ഷാ സംഹിതയിലെ വകുപ്പ് 173 പ്രകാരമാണ് FIR തയ്യാറാക്കിയത്.

-----------------------

### Headline 3

<u>പ്രതിപക്ഷ വാക്ക് ഔട്ട്</u>

പോലീസ് വകുപ്പിലെ അമിത ജോലിഭാരവുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. ഔദ്യോഗിക ജീവിതത്തിലെ സമ്മർദ്ദം നിമിത്തം പോലീസ് ഉദ്യോഗസ്ഥർ ജീവനൊടുക്കുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പി.സി.വിഷ്ണുനാഥാണ് അടിയന്തരപ്രമേയ നോട്ടീസ് നൽകിയത്. പോലീസുകാരുടെ അമിത ജോലി ഭാരവും മാനസിക പ്രയാസങ്ങളും ക്രമസമാധാനപാലനത്തെ സാരമായി ബാധിച്ചതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. എന്നാൽ പോലീസുകാരുടെ മാനസിക സംഘർഷം കുറക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നതായും 8 മണിക്കൂർ ജോലി എന്നത് പോലീസിൽ പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകി. മുഖ്യമന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയായിരുന്നു.

RNUTVPM

----------------------

<u>നിയമസഭ-സ്വർണ്ണക്കടത്ത്</u>

സ്വർണ കള്ളക്കടത്ത് തടയുന്നതിനായി, ആഭരണങ്ങളുടെ നിർമ്മാണം മുതൽ ഉപഭോക്താവിന്റെ കൈകളിൽ എത്തുന്നത് വരെയുള്ള പ്രക്രിയക്ക് ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലാണെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ നിയമസഭയിൽ അറിയിച്ചു. ഈ രംഗത്തെ നികുതി വെട്ടിപ്പ് തടയാൻ ഇ - വേ ബിൽ സമ്പ്രദായം നടപ്പാക്കുന്നുണ്ട്. കൂടാതെ സംസ്ഥാന ജിഎസ്ടി ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗം എന്നിവരുടെ  പരിശോധനകളിലൂടെയും നികുതിവെട്ടിപ്പ് കണ്ടെത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

----------------------

## മുഖ്യമന്ത്രി - ശ്രദ്ധ ക്ഷണിക്കൽ

തീരദേശപരിപാലന നിയമത്തിൽ കൂടുതൽ ഇളവുകൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കണമെന്നതാണ് സംസ്ഥാനത്തിന്റെ നിലപാടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തീരദേശ പരിപാലന പ്ലാനിൽ സമഗ്രമായ മാറ്റം ആവശ്യപ്പെട്ട് പ്രതിപക്ഷാംഗം രമേശ് ചെന്നിത്തല അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം. വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി സഭയെ അറിയിച്ചു.

------------------------

## ഡയാലിസിസ്- വീണാ ജോർജ്

ഡയാലിസിസ് സൗകര്യങ്ങളില്ലാത്ത വിദൂര - ദുർഘട പ്രദേശങ്ങളിൽ, സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ്. നിയമസഭയിൽ വി.കെ. പ്രശാന്ത് എം.എൽ.എയുടെ സബ്മിഷനു മറുപടി നൽകുകയായിരുന്നു മന്ത്രി. താരതമ്യേന ചെലവേറിയ ഹീമോഡയാലിസിസിനു പകരമായി ചെലവു കുറഞ്ഞതും രോഗികൾക്ക് സ്വന്തമായി വീട്ടിൽ ചെയ്യാൻ സാധിക്കുന്നതുമായ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി എല്ലാ ജില്ലകളിലും ലഭ്യമാക്കിയതായും മന്ത്രി പറഞ്ഞു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി എംപാനൽ ചെയ്തിട്ടുള്ള സർക്കാർ, സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്തു നൽകുമെന്നും മന്ത്രി അറിയിച്ചു.

------------------------

## നാലുവർഷ ബിരുദം-CM

സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സിന് തുടക്കമായി. നാലുവർഷ ബിരുദത്തിന്റെ സമാരംഭവും സംസ്ഥാനതല വിജ്ഞാനോത്സവവും മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ഗുണമേന്മയുള്ള പഠനരീതികൾ അവലംബിച്ച്, ഗവേഷണത്തിനും തൊഴിലവസരങ്ങൾക്കും പ്രാധാന്യം നൽകുന്നതാണ് നാലുവർഷ ബിരുദ കോഴ്സ് എന്ന് മുഖ്യമന്ത്രി പറഞ്ഞു. വൈജ്ഞാനിക

മേഖലയിലും തൊഴിൽ മേഖലയിലും വലിയ മാറ്റത്തിനാണ് സംസ്ഥാനം സാക്ഷ്യം വഹിക്കുന്നതെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ചടങ്ങിൽ മന്ത്രി ആർ ബിന്ദു അധ്യക്ഷത വഹിച്ചു. കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ സർവ്വകലാശാലകൾക്ക് കീഴിലെ 864 കോളേജുകളിലും വിവിധ പഠന കേന്ദ്രങ്ങളിലുമായാണ് നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത്. മൂന്നു വർഷത്തിൽ ബിരുദം, നാലാം വർഷത്തിൽ ഓണേഴ്സ് ബിരുദം , ഓണേഴ്സ് വിത്ത് റിസേർച്ച് ബിരുദം എന്നിങ്ങനെയാണ് കോഴ്സ് ഘടന.

----------------------

## Headline 4

### കെ.രാജൻ

സംസ്ഥാനത്ത് ഭൂമി തരംമാറ്റൽ നടപടികളിൽ ഏജന്റുമാരുടെ ഇടപെടൽ അനുവദിക്കില്ലെന്നും ഏജന്റുമാരെ നിയന്ത്രിക്കുന്നതിന് റവന്യു വിജിലൻസ് വിഭാഗത്തിൻറെ പരിശോധന ഊർജ്ജിതമാക്കുമെന്നും റവന്യൂ മന്ത്രി കെ.രാജൻ. ഭൂമിതരം മാറ്റൽ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി താലൂക്കടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാരെ കൂടി ഉൾപ്പെടുത്തി നടപ്പാക്കുന്ന വികേന്ദ്രീകരണ സംവിധാനത്തിന് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. ഭൂമി തരം മാറ്റൽ നടപടികളിൽ ഇനി മുതൽ ആറ് മാസത്തിനുള്ളിൽ കൃത്യമായ തീരുമാനം എടുക്കാനാകുമെന്ന് മന്ത്രി പറഞ്ഞു. മന്ത്രി ജി ആർ അനിൽ ചടങ്ങിൽ അധ്യക്ഷനായി.

RNU TVPM

----------------------

### മലപ്പുറം-മഞ്ഞപ്പിത്തം (ഇൻട്രോ)

മലപ്പുറം വള്ളിക്കുന്നിൽ മഞ്ഞപ്പിത്തം പടരുന്നതായി റിപ്പോർട്ട്. അത്താണിക്കലിൽ മാത്രം 284 പേർക്കാണ് രോഗബാധ. പ്രതിദിന രോഗബാധിതരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ ആരോഗ്യവകുപ്പ് ജാഗ്രത നിർദേശം നൽകി. കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു..

(വോയ്സ്)

---

## Headline 5

### വനിതാ ക്രിക്കറ്റ്

ദക്ഷിണാഫ്രിക്കയ്ക്കെതിരായ വനിതാ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് പത്തു വിക്കറ്റ് ജയം. ചെന്നൈയിലെ ചിദംബരം സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ദക്ഷിണാഫ്രിക്ക ഉയർത്തിയ 37 റൺസ് വിജയലക്ഷ്യം ഇന്ത്യ 9.2 ഓവറിൽ മറികടന്നു. ആദ്യ ഇന്നിങ്സിൽ ഇന്ത്യ നേടിയ 603 റൺസിനെതിരെ ഫോളോ ഓൺ ചെയ്ത ദക്ഷിണാഫ്രിക്ക, ഒന്നാം ഇന്നിങ്സിൽ 266 റൺസിനും രണ്ടാം ഇന്നിങ്സിൽ 373 റൺസിനും പുറത്താവുകയായിരുന്നു.

---

## Headline 6

### RAIN KERALA

സംസ്ഥാനത്ത് മഴ ശക്തമാകുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. കേരള - കർണ്ണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മൽസ്യബന്ധനം നിരോധിച്ചു.

---

### കോഴിക്കോട്-മഴ

മഴയെ തുടർന്ന് കോഴിക്കോട് തിക്കോടി വില്ലേജിൽ വീട് ഭാഗികമായി തകർന്നു. വീട്ടിലുണ്ടായിരുന്ന രണ്ടുപേരെ അടുത്തുള്ള ബന്ധുവീട്ടിലേക്ക് മാറ്റിപ്പാർപ്പിച്ചു. തിക്കോടി വില്ലേജ് പുറക്കാട് വീടിന് സമീപത്ത് കിണർ ഇടിഞ്ഞ് താണു.

---

RNUTVPM